(ഇ) സംസ്ഥാനത്ത് ഗ്രാമസഭകളുടെ പരിമിതികൾ തരണം ചെയ്യാനാകുംവിധം കൂടുതൽ ജനാധിപത്യപരമായ സംഘടനാരൂപമെന്ന നിലയിലും ജനാധിപത്യ പ്രക്രിയയിൽ പുതിയ മാറ്റത്തിന്റെ തുടക്കമെന്ന നിലയിലും 'അയൽക്കൂട്ട' സംവിധാനത്തിന് നിയമ പരിരക്ഷ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) ഇങ്ങനെ ഒരാവശ്യം ഒക്ടോബർ മാസത്തിൽ നടന്ന നിലവിലുള്ള അയൽക്കൂട്ട സംഗമം ഉന്നയിച്ചിട്ടുണ്ട്. ഈ ആവശ്യം സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) 346 ഗ്രാമപഞ്ചായത്തുകളിൽ അയൽക്കൂട്ടങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) ഉണ്ട്. ഇതുവരെ 346 ഗ്രാമപഞ്ചായത്തുകളിൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ചുകഴിഞ്ഞു. കുടുംബശ്രീ പദ്ധതിവഴി ഗ്രാമപഞ്ചായത്തു മുഖാന്തിരം കേരളത്തിലെ എല്ലാ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിൽനിന്നും സ്ത്രീകളുടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കുന്നതാണ്. ഇതിനുപുറമേ എല്ലാ കുടുംബങ്ങളേയും പങ്കാളികളാക്കുന്ന അയൽക്കൂട്ടങ്ങൾ സംഘടിപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നുണ്ട്.

(ഇ) അയൽക്കൂട്ടങ്ങൾക്കു നിയമപരിരക്ഷ നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.

222 (288) റീസർവ്വേ കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീ. ജോസ് ബേബി :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീസർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഇത് ഒരു സ്വതന്ത്ര വകുപ്പാക്കുവാനുദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര വില്ലേജുകളിൽ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ കൈമാറിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്. ഇക്കാര്യം പരിശോധനയിലാണ്.

(സി) സംസ്ഥാനത്ത് 652 വില്ലേജുകളിലെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly